പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2678 **28-10-2026-ൽ മറുപടിയ്ക്ക്**

പൂരപ്പുഴ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) നബാർഡ് ട്രഞ്ച് 32-ൽ (2026-27) ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി താനൂർ നിയോജകമണ്ഡലത്തിലെ പൂരപ്പുഴ റെഗുലേറ്റർ കം ബ്രിഡ്ജിനായി നൽകിയ പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

മറുപടി: താനൂർ നിയോജക മണ്ഡലത്തിലെ പൂരപ്പുഴ റഗുലേറ്റർ ബ്രിഡ്ജ് പ്രവൃത്തി നബാർഡ് ട്രാഞ്ച 31 ൽ (2025-26 സാമ്പത്തിക വർഷം) ഉൾപ്പെടുത്തുന്നതിനുായി ചീഫ് എഞ്ചിനീയർ, ഐ & എ പ്രൊപ്പോസൽ സമരർപ്പിക്കുകയും ആയത് എം. ഐ3/98/2025-ജവിവ നമ്പർ ഫയലിൽ പരിശോധിക്കുകയും ചെയ്തിരുന്നു. പദ്ധതി നബാർഡ് ട്രാഞ്ച 31 ൽ ഉൾപ്പെടുത്തുന്നതിനായി ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് നബാർഡ് പരിഗണിച്ചിരുന്നില്ല.

നബാർഡ് ട്രഞ്ച് 32-ൽ (2026-27 സാമ്പത്തിക വർഷം) ഉൾപ്പെടുത്തുന്നതിനായി "Construction of salt water extrusion regulator across Poorapuzha near Kettungallthodu between Parappanangadi and Tanur Municipality in Malappuram District- General Civit Work" എന്ന പ്രവൃത്തിയുടെ 119.1 കോടി രൂപയുടെ പ്രൊപ്പോസൽ 03.10.2026 ലെ സി.ഇ.ഐ.എ/7555/25-പിഎൽ-5 നമ്പർ കത്ത് മുഖേന ചീഫ് എഞ്ചിനീയർ, ഐ&എ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ആയത് എം.ഐ3/147/2026-WRD നമ്പർ ഫയലിൽ പരിശോധിക്കുകയും ടി പ്രവൃത്തി നബാർഡ് ട്രാഞ്ച 32 ൽ ഉൾപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) ചീഫ് എൻജിനീയർ (ജലസേചനം) സർക്കാരിന് 03.10.2026 -ലെ സിഇഐഎ/7555/25-പിഎൽ5 കത്ത് മുഖേന നൽകിയ പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥയും ടി വിഷയത്തിന്മേൽ സർക്കാരിൽ നിലവിലുള്ള എംഐ3/98/25/ഡബ്ല്യുആർഡി ഫയലിന്റെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ